പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4408

27.06.2013 ൽ മറുപടിക്ക്

## അരി വിഹിതത്തിലെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രം ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം എത്ര ടൺ വീതമാണ് വെട്ടിക്കുറച്ചിരിക്കുന്നത് എന്ന് പറയാമോ; അധികമായി സംസ്ഥാനത്തിന് നൽകിയിരുന്ന അരിയും ഗോതമ്പും യഥാസമയം സംസ്ഥാനം എടുക്കാതിരുന്നിട്ടുണ്ടോ; വിവിധ രീതിയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങളിൽ കുറവുവന്നതു മൂലം കേരളത്തിലെ എ.പി.എൽ. ബി.പി.എൽ. കാർഡ് ഉടമകൾക്ക് നൽകുന്ന അരിയും, ഗോതമ്പും എത്ര കിലോ വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) ഭക്ഷ്യധാന്യങ്ങളുടെ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ അഡ്ഹോക് വിഹിതമായി അനുവദിച്ചിരുന്ന അരിയും ഗോതമ്പും ബി.പി.എൽ. വിഭാഗത്തിനുള്ളത് നാളിതുവരെയും അനുവദിച്ചിട്ടില്ല. സാധാരണ നിരക്കിൽ 2012-13 സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ വിഹിതവും വിട്ടെടുത്തിട്ടുണ്ട്. എന്നാൽ OMSS നിരക്കിൽ അനുവദിച്ച 60000 മെ.ടൺ അരിയും, 30000 മെ.ടൺ ഗോതമ്പും പൂർണ്ണമായും വിട്ടെടുക്കാൻ സാധിച്ചില്ല. 2013 ജൂൺ മാസത്തിൽ എ.പി.എൽ. വിഭാഗത്തിന് 9 കിലോ അരിയും 3 കിലോ ഗോതമ്പും വിതരണം ചെയ്തുവരുന്നു. ബി.പി.എൽ.വിഭാഗത്തിന് 25 കിലോഗ്രാം അരിയും 5 കിലോ ഗോതമ്പുമാണ് വിതരണം ചെയ്തുവരുന്നത്. |
| (ബി) അരിവിഹിതം കേന്ദ്രം വെട്ടിക്കുറയ്ക്കുന്നതിന് മുമ്പ് കേരളത്തിലെ എ.പി.എൽ. ബി.പി.എൽ. കാർഡുടമകൾക്ക് ലഭിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ? | (ബി) 2012-13 വർഷത്തിൽ എ.പി.എൽ. സബ്സിഡി വിഭാഗത്തിന് 9 കിലോ അരിയും 2 കിലോ ഗോതമ്പും, നോൺ സബ്സിഡി വിഭാഗത്തിന് 10 കിലോ അരിയും 3 കിലോ ഗോതമ്പും ബി.പി.എൽ. വിഭാഗത്തിന് സബ്സിഡി നിരക്കിൽ (1/-രൂപ) 25 കിലോഗ്രാം അരിയും വിതരണം ചെയ്തിരുന്നു. ഗോതമ്പിന്റെ അളവ് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് 5 കിലോ മുതൽ 10 കിലോ വരെ പല മാസങ്ങളിൽ അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ